ANNUAL SUBCRIPTION Rs. 100



മലങ്കര ഓർത്തഡോക്സ് സ്വതന്ത്ര സുറിയാനി സഭയുടെ മുഖപത്രം

# തദ്ദേവൂസ്

"വിശുദ്ധന്മാർക്ക് ഒരിക്കലായിട്ട് ഭരമേല്പിച്ചിരിക്കുന്ന വിശ്വാസത്തിനുവേണ്ടി പോരാടേണ്ടതിനു……." (യൂദാ:3)



Vol No. XIII | Issue No. 9 | 4 Pages | PUBLISHED FROM AMAYANNOOR - KOTTAYAM | 8 SEPTEMBER 2017

# ക്രൈസ്തവരുടെ ജനസംഖ്യ ഭാരതത്തിൽ കുറയുന്നു.

## കേരള ക്രൈസ്തവരുടെ അംഗസംഖ്യ – ഒരു അവലോകനം

– തദ്ദേവൂസ്

**കേ**രളത്തിൽ ക്രിസ്ത്യാനികളുടെ അംഗസംഖ്യ വ്യക്തമായി ഒരു സഭയും കാണിക്കാറില്ല. അത് സത്യസന്ധമായി വെളിപ്പെടുത്തിയാൽ കാറ്റ് കുത്തിവിട്ട ബലൂൺപോലെയാകും പല സഭകളും. വിവരങ്ങൾ വിരൽത്തുമ്പിൽ നിൽക്കുന്ന ഈ കാലഘട്ടത്തിൽ അബദ്ധ കണക്കുകൾ പ്രചരിപ്പിക്കുന്നത് ഗുണത്തേക്കാൾ ഏറെ ദോഷം ചെയ്യും.

2011-ലെ കണക്കുകൾ അനുസരിച്ച് ഇൻഡ്യയിൽ 2.34% മാണ് ക്രിസ്ത്യാനികൾ (2,91,38,323). കേരളത്തിൽ 54.73% ഹിന്ദുക്കളും 26.56% മുസ്ലീങ്ങളും 18.38% ക്രിസ്ത്യാനികളും 0.33% മറ്റുള്ളവരുമാണ്. കേരളത്തിലെ ആകെ ജനസംഖ്യ 3,32,97,233 (മൂന്നുകോടി മുപ്പത്തിരണ്ടു ലക്ഷത്തി തൊണ്ണൂറ്റി ഏഴായിരത്തി ഇരുന്നൂറ്റിമുപ്പത്തിമൂന്ന്) ആയിരുന്നു. അതിന്റെ 18.38% മാണ് ക്രിസ്ത്യാനികൾ. അതായത് 61,41,269 (അറുപത്തി ഒന്നുലക്ഷത്തി നാല്പത്തി ഒരായിരത്തി ഇരുന്നൂറ്റി അറുപത്തി ഒൻപത്) മാത്രമാണ്. 2017-ലെ കണക്കനുസരിച്ച് 3,45,23,726 ആണ് കേരള ജനസംഖ്യ. ഇതിന്റെ 18.3 ശതമാനമാണ് ക്രിസ്ത്യാനികൾ. അതായത് 63,17,842 എന്ന് വ്യക്തം 63 ലക്ഷമെന്നു ചുരുക്കിപ്പറയാം. ഓരോ വിഭാഗത്തിന്റെയും കണക്കുകൾ സത്യസന്ധമായി എടുത്താൽ അത് ഒരു പക്ഷേ ഇപ്രകാരമായിരിക്കും., ഏറ്റവും വലിയ വിഭാഗം റോമൻ കത്തോലിക്കാ സഭകൾ (റോമൻ, ലാറ്റിൻ, മലങ്കര കത്തോലിക്കാ സഭകൾ)- നാൽപതുലക്ഷം, മലങ്കര മർത്തോമ്മാ സഭ- നാലരലക്ഷം, മലങ്കര ഓർത്തഡോക്സ് സഭ - ഏഴര ലക്ഷം, മലങ്കര യാക്കോബായ സഭ- അഞ്ച് ലക്ഷം, സി.എസ്.ഐ. - ഒരു ലക്ഷം, ആകെ - അമ്പത്തിയെട്ട് ലക്ഷം

ബാക്കി വരുന്നത് 5,17,842 മാത്രമാണ്. അത് താഴെപ്പറയുന്ന സഭകൾ വീതിച്ചെടുക്കട്ടെ.,തോഴൂർ സഭയും മറ്റ് സ്വതന്ത്ര സുറിയാനി സഭകളും, കൽദായ സഭ, അസംബ്ലീസ് ഓഫ് ഗോഡ്, ചർച്ച് ഓഫ് ഗോഡ്, ദി പെന്റക്കോസ്ത്, ഇൻഡ്യൻ പെന്റക്കോസ്ത്, ഷാരോൺ ഫെലോഷിപ്പ്, ബിലിവേഴ്സ് ചർച്ച്, കേരള ബ്രദറൺ, ലോക്കൽ സഭകൾ, ഇവാഞ്ചലിക്കൻ ചർച്ച്, സാൽവേഷൻ ആർമി, ഹെവൻലി ഫീസ്റ്റ്, യൂയോമായ സഭ തുടങ്ങിയവ മൂന്ന് അക്കത്തിൽ ഒതുങ്ങുന്ന സഭകളും ഇതിൽ ധാരാളം ഉണ്ട്. എല്ലാ വിഭാഗവും വ്യക്തമായ അംഗസംഖ്യ ദയവുചെയ്ത് പരസ്യപ്പെടുത്തുന്നതായിരിക്കും കരണീയമായിട്ടുള്ളത്. ജനങ്ങളെ തെറ്റിദ്ധരിപ്പിക്കാരിരിക്കുക

# ബ്ലൂവെയിലിനെ തുടച്ചുനീക്കുവാൻ പിങ്ക് വെയിൽ ?

**ബ്ലൂ**വെയിൽ എന്ന വില്ലൻ ഗെയിം യുവതീയുവാക്കളിൽ വലിയ സ്വാധീനം ചെലുത്തി അടിമയാക്കി ആത്മഹത്യ ചെയ്യിപ്പിക്കുന്നു. ഇൻഡ്യയിലും പ്രത്യേകിച്ചും കേരളത്തിലും അത് കടന്നുകൂടിയിട്ടുണ്ടെന്ന് നാലു മാസങ്ങൾക്കുമുമ്പ് തദ്ദേവൂസ് എഴുതിയിരുന്നു. ഇപ്പോൾ നവമാദ്ധ്യമങ്ങളിലും മറ്റും ഇതാണ് പ്രധാന ചർച്ചാവിഷയം. ഇതിനെ എങ്ങനെ പ്രതിരോധിക്കണമെന്ന് സൈബർ ലോകത്തെ വിദഗ്ദ്ധർക്കു പോലും സംശയമാണ്. ഇതിനെതിരെയുള്ള പ്രതിരോധങ്ങൾക്ക് ഫലം കാണില്ലെന്നും വിദഗ്ദ്ധർക്ക് വാദമുണ്ട്. അതിനാൽ തന്നെ ബ്ലൂവെയിലിനെ പോസിറ്റീവായി നേരിടാനാണ് 'പിങ്ക് വെയിൽ' എന്ന ഗെയിം രംഗത്ത് ഇറക്കിയിരിക്കുന്നത്. ഈ വർഷം ഏപ്രിലിൽ ബ്രസീലിൽ ജന്മംകൊണ്ട പിങ്ക് വെയിൽ ഗെയിം കളിക്കാൻ ഫേസ് ബുക്കിൽ മൂന്നു ലക്ഷം പേരും ഇൻസ്റ്റഗ്രാമിൽ 45000 പേരും ഇതിനോടകം തന്നെ രജിസ്റ്റർ ചെയ്തു.

പിങ്ക് വെയിൽ ഗെയിമിൽ ബ്ലൂവെയിൽ പോലെ 50 ഘട്ടങ്ങളാണുള്ളത്. ബ്ലൂവെയിലിലെ ടാസ്കുകൾ സ്വയം മുറിവേൽപ്പിക്കലും ഒറ്റപ്പെടലും ആത്മഹത്യയുമൊക്കെയാണെങ്കിൽ ജീവിതത്തെ പോസിറ്റീവാക്കി മാറ്റാനുള്ള ശ്രമമാണ് പിങ്ക് വെയിൽ മുന്നോട്ടുവയ്ക്കുന്നത്. ബ്ലൂവെയിൽ ഗെയിമിൽ സ്വന്തം കൈയ്യിൽ മുറിവുണ്ടാക്കി എഴുതാനും വരയ്ക്കാനും പറയുമ്പോൾ പിങ്ക് വെയിലിൽ നിങ്ങൾ അയാളെ എത്ര സ്നേഹിക്കുന്നുവെന്ന് അയാളുടെ ശരീരത്തിൽ എവിടെയെങ്കിലും എഴുതുകയാണ് വേണ്ടത്.

നിങ്ങളുടെ പ്രിയപ്പെട്ടവരോടു മിണ്ടരുതെന്ന് ബ്ലൂവെയിലിൽ പറയുമ്പോൾ, പിങ്ക് വെയിലിൽ നിങ്ങളുമായി പിണങ്ങിയിട്ടുള്ള ആളിനോടു മാപ്പ് പറയുവാൻ ആവശ്യപ്പെടും. ബ്ലൂവെയിലിന്റെ 50-ാമത്തെ ടാസ്ക് നിങ്ങളോട് ആത്മഹത്യ മാത്രമേ വഴിയുള്ളൂ എന്ന് നിർബന്ധിച്ച് ആത്മഹത്യ ചെയ്യിപ്പിക്കുമ്പോൾ പിങ്ക് വെയിൽ ഗെയിമിന്റെ അവസാന ടാസ്ക് എന്നുപറയുന്നത് ആവശ്യമുള്ള ഒരാൾക്ക് സഹായം ചെയ്യുക, മൃഗത്തിനായാലും നല്ലതുതന്നെ. അല്ലെങ്കിൽ ഏതെങ്കിലും സന്നദ്ധ സംഘടനയ്ക്ക് സംഭാവന നൽകുകയോ ചെയ്യണം എന്നാണ്.

പക്ഷേ ബ്ലൂവെയിൽ ഗെയിമിൽ ആരെങ്കിലും കൈ തൊട്ടാൽ അത് തിരിച്ചെടുക്കുവാൻ ബുദ്ധിമുട്ടാണ്. ബ്ലൂവെയിൽ ഗെയിം സൈബർ ലോകത്തു നിലനിൽക്കുന്ന കാലത്തോളം അത് അപകടമാണ്. മാതാപിതാക്കൾ തങ്ങളുടെ കുട്ടികളെ ശ്രദ്ധിക്കുക. ഏകാന്തമായി ഇരിക്കുവാൻ ആഗ്രഹിക്കുന്ന കുട്ടികളെയും, മുറി അടച്ചിട്ട് പഠിക്കുന്നവരെയും പൂർണ്ണമായി ശ്രദ്ധിക്കുകയും കൂടെക്കൂടെ അവർ എന്തുചെയ്യുന്നു എന്ന് പരിശോധിക്കുകയും ചെയ്യുക.

(ബ്ലൂവെയിൻ ചലഞ്ചിന്റെ പൂർണ്ണരൂപം 4-ാം പേജിൽ കൊടുത്തിരിക്കുന്നു വായിക്കുക)

**തദ്ദേവൂസ് ഇന്റർനെറ്റ് എഡിഷൻ വായിക്കുന്നതിന്**

**Please visit www. Thadevoos. org**

**മഹാപുരോഹിത സന്ദേശം**



## ദൈവത്തിന്റെ മഹാദാനമാണ് നിനക്കുള്ളതെല്ലാം!

**ക**ർത്താവിൽ വാത്സല്യമുള്ളവരെ,

നമുക്ക് ഒന്നും അവകാശപ്പെടുവാനില്ല; എല്ലാം യഹോവയുടെ ദാനമാണ്. ദാവീദിന്റെ സ്വർണ്ണഗീതത്തിൽ ഇപ്രകാരമാണ് നാം പാടുന്നത്, "എന്റെ അവകാശത്തിന്റെയും പാനപാത്രത്തിന്റെയും പങ്ക് യഹോവയാകുന്നു." അവകാശം നമ്മൾക്ക് സൗജന്യമായി നൽകുന്നതാണ്. നൽകുന്നത് യഹോവയായ ദൈവമാണ്. ദൈവം നൽകുന്ന ഓഹരിയെ പരിപാലിക്കുന്നതും യഹോവയാണ്. അതിനാൽ നാം ദൈവത്തോട് കടപ്പെട്ടിരിക്കുന്നു. നന്ദിയോടെ യഹോവയെ സ്തുതിക്കണം.

എന്റെ വിദ്യാഭ്യാസംകൊണ്ടാണ് ഈ ജോലി ലഭിച്ചതെന്ന് അഭിമാനിക്കുമ്പോൾ ഓർക്കുക, അതേ വിദ്യാഭ്യാസം നേടിയിട്ടുള്ള എത്രയോ ആളുകൾ ജോലി ലഭിക്കാതെ അലയുന്നു. നിനക്ക് ലഭിച്ച അവസരത്തിനായി ദൈവത്തോടു നന്ദി പറയുക. പ്രാർത്ഥനയ്ക്ക് എന്നായാലും ഉത്തരം ലഭിക്കും. പക്ഷേ ഉത്തരം കിട്ടാതെ ധാരാളം ആളുകൾ വലയുമ്പോൾ നിന്റെ പ്രാർത്ഥനയ്ക്ക് വേഗത്തിൽ ഉത്തരം ലഭിച്ചിട്ടുള്ളതിനാൽ ദൈവത്തോടു നീ കൂടുതൽ കടപ്പെട്ടിരിക്കുന്നു. പ്രാർത്ഥന ദൈവമുമ്പാകെയുള്ള നമ്മുടെ സമ്പാദ്യമാണെന്ന് അറിയുക.

യാത്ര ചെയ്യുന്നവരാണ് നാം. അനുദിന യാത്രകളിൽ ധാരാളം ആളുകൾ അപകടത്തിൽപ്പെട്ട് ഈ ലോകത്തിൽനിന്നും അപ്രത്യക്ഷമാകുമ്പോൾ ഇത്രയും നാൾ നിന്നെ കാത്തു പരിപാലിച്ച ദൈവത്തോട് കൂടുതൽ അടുക്കുക; നന്ദി കരേറ്റുക. ഇങ്ങനെയുള്ള ഒട്ടനവധി കാര്യങ്ങളെക്കുറിച്ച് സ്വയമേ ചിന്തിക്കുക. യഹോവ നൽകുന്ന ദാനങ്ങളുടെ മഹത്വം തിരിച്ചറിയുക. എല്ലാം സ്വന്തം കഴിവെന്നു പറഞ്ഞ് അഹങ്കരിക്കുന്നവനെ ഓർക്കുക. നീ അകത്തേക്കെടുക്കുന്ന ശ്വാസം പുറത്തേക്കു വിടുവാൻ കർത്താവ് അനുവദിച്ചില്ലെങ്കിൽ അവിടെ തീർന്നു എല്ലാം! നീ എന്തുചെയ്യും? നീ ഇന്നു ജീവനോടുകൂടി ഇരിക്കുന്നത് ദൈവത്തിന്റെ കൃപയാണ്. അത് കർത്താവിന്റെ ദാനമാണ്.

ഈ ലോകത്ത് നീ നേടിയതൊന്നും നിന്റെ ബലവും ശക്തിയും നിന്റെ ഉന്നത വിദ്യാഭ്യാസവും കൊണ്ടല്ല. അത് ലഭിച്ചതെല്ലാം ദൈവത്തിന്റെ കൃപയാലത്രേ! നാം ഒന്നും ഇല്ലാതെയാണ് ഈ ലോകത്തിലേക്ക് പിറന്നു വീണതെങ്കിൽ ഇന്ന് നിനക്കുള്ളതെല്ലാം ദൈവം നൽകിയതാണ്. ആരോഗ്യവും പദവിയും, സ്ഥാനവും മാനവും സമ്പത്തും, സർവ്വതും യഹോവയായ കർത്താവിൽനിന്നും നിനക്ക് ലഭിച്ചിട്ടുള്ളതാണെന്ന് അറിഞ്ഞ് താഴ്മയോടെ ദൈവത്തെ സ്തുതിക്കുക. സഹജീവികളെ സ്നേഹിക്കുക.

"അളവു നൂൽ എനിക്ക് മനോഹരദേശത്തു വീണിരിക്കുന്നു. അതെ, എനിക്ക് നല്ലോരവകാശം ലഭിച്ചിരിക്കുന്നു. എനിക്ക് ബുദ്ധി ഉപദേശിച്ചുതന്ന യഹോവയെ ഞാൻ വാഴ്ത്തും." ദാവീദിന്റെ ഈ നന്ദിപ്രകടനം നമുക്ക് മാതൃകയാകട്ടെ!

**കർത്താവിൽ നിങ്ങളുടെ ഗ്രീഗോറിയോസ് മെത്രാപ്പോലീത്ത**

മലങ്കര ഓർത്തഡോക്സ് സ്വതന്ത്ര സുറിയാനി സഭയുടെ മുഖപത്രം
തദ്ദേവൂസ്
Vol : 13 Issue No. 9 8 SEPTEMBER 2017

എഡിറ്റോറിയൽ

# ഓർത്തഡോക്സ് സഭയുടെ വൻ വിജയം പറയാതെ വയ്യ

## യാക്കോബായ – ഓർത്തഡോക്സ് സഭകൾ തമ്മിൽ ഒരിക്കലും യോജിക്കില്ല

രണ്ടാം സമുദായക്കേസിന്റെ 1995 -ലെ വിധി എന്തുകൊണ്ടും വ്യക്തതയില്ലായിരുന്നു. പരിശുദ്ധ പാത്രിയർക്കീസ് ബാവയുടെ ആത്മീയ പരമാധികാരം അടിവരയിട്ടു വ്യക്തമാക്കുകയും ഇടവകകൾ ഇടവകക്കാരുടേതാണെന്നുമുള്ള വിധി സുപ്രീംകോടതിയിലെ മൂന്നംഗ ബഞ്ചിന്റെ വിധിയായിരുന്നു. വിധിയിൽ വ്യക്തത കുറവായതിനാലാണല്ലോ വീണ്ടും മൂന്നാം സമുദായക്കേസ് എന്ന പേരിൽ കേസ് തുടർന്നത്. 2017 ജൂലൈ 3-ന് ബ. സുപ്രീം കോടതിയിലെ രണ്ടംഗ ബഞ്ച് പുറപ്പെടുവിച്ച മൂന്നാം സമുദായക്കേസ് വിധി ഓർത്തഡോക്സ് വിഭാഗത്തിന് പരിപൂർണ്ണ വിജയം നൽകുന്നതാണ്. വളരെ കൃത്യവും വ്യക്തവുമായ ഒരു വിധിയാണ് 2017 ജൂലൈ 3 ന് സുപ്രീംകോടതി പുറപ്പെടുവിച്ചത്. യാക്കോബായ സഭയുടെ അസ്ഥിത്വം ചോദ്യം ചെയ്യുന്ന ഈ വിധി പാത്രിയർക്കീസ് ബാവയുടെ മലങ്കരയിലുള്ള അധികാരത്തെയും നിഷ്പ്രഭമാക്കിയിരിക്കുന്നു.

1934 ൽ മെത്രാൻ വിഭാഗം ഉണ്ടാക്കിയതും 1958-ൽ ബ. സുപ്രീംകോടതി അംഗീകരിച്ചതുമായ സഭാ ഭരണഘടന പ്രകാരം മലങ്കരയിലുള്ള എല്ലാ ദേവാലയങ്ങളും ഭരിക്കപ്പെടണമെന്നും, മലങ്കരസഭ ഒരു ട്രസ്റ്റാണെന്നും അതിന്റെ ട്രസ്റ്റി മലങ്കര മെത്രാപ്പോലീത്ത ആണെന്നും, അതിനാൽ എല്ലാ ദേവാലയങ്ങളും മലങ്കര മെത്രാപ്പോലീത്തായുടെ അധികാരപരിധിയിൽ ആണെന്നും, ഒരു പാരലൽ ഭരണസംവിധാനം ഒരിക്കലും നിലനിർത്തുവാൻ സാദ്ധ്യമല്ലെന്നും, പിരിഞ്ഞുപോകുന്ന ആർക്കും സഭയുടെ സ്വത്ത് അവകാശപ്പെടുവാൻ അർഹതയില്ലെന്നുമാണ് വിധിയുടെ സാരം. ഓർത്തഡോക്സ് വിഭാഗം പൂർണ്ണമായി വിജയിച്ചിരിക്കുന്നു എന്നതാണ് പരമാർത്ഥം. ഇത് ഭാരതത്തിലെ പരമോന്നത കോടതി വിധിയാണ്. അംഗീകരിക്കാതിരിക്കാൻ തരമില്ല, വേറൊരു വിധി വരുന്നതുവരെയെങ്കിലും. യാക്കോബായ സഭ റിവ്യൂ പെറ്റിഷൻ കൊടുക്കുവാൻ സാദ്ധ്യത ഉണ്ട്. യാതൊരു കാരണവശാലും യോജിപ്പോ, അനുരഞ്ജനമോ ഓർത്തഡോക്സ് വിഭാഗവുമായി ഉണ്ടാക്കുകയില്ലെന്ന് അറിയുന്നു. 1995-ലെ സുപ്രീം കോടതിയിലെ മൂന്നംഗ ബഞ്ചിന്റെ വിധിയിൽ പാത്രിയർക്കീസ് ബാവയ്ക്ക് നൽയിരിക്കുന്ന അവകാശങ്ങൾ വ്യക്തമായി അംഗീകരിച്ചിരുന്ന വിധിയെ ഇല്ലാതാക്കാൻ രണ്ടംഗ ബഞ്ചിന് കഴിയുമോ എന്ന ന്യായമായ ചോദ്യവും ഉയരുന്നു.

കേരളത്തിൽ വിധി നടപ്പിലാക്കുക ക്ഷിപ്രസാദ്ധ്യമല്ല. അത് ഭരണാധികാരികൾക്കും ബ്യൂറോക്രാറ്റുകൾക്കും സഭാ നേതൃത്വങ്ങൾക്കും നന്നായി അറിയാം. ഓർത്തഡോക്സ് സഭയുടെ വൈദീക ട്രസ്റ്റി റവ. ഫാ. ഡോ. എം.ഒ. ജോണിന്റെ അഭിപ്രായവും ഫോർമുലയും ഒരു പക്ഷേ ഫലം കണ്ടേക്കാം. ഒരൊറ്റ ഓർത്തഡോക്സുകാരൻ പോലുമില്ലാത്ത, 400-ൽ പരം ദേവാലയങ്ങൾ യാക്കോബായ സഭയ്ക്കുണ്ട്. കൂടാതെ പുതുതായി നിർമ്മിച്ച ധാരാളം പള്ളികളും. ഇതെല്ലാം ഓർത്തഡോക്സ് വിഭാഗത്തിന് വിട്ടുകൊടുക്കുമെന്ന് വിവരം ഉള്ളവർ ചിന്തിക്കുകയില്ല. ഇതെല്ലാം പിടിച്ചെടുക്കാം എന്ന ആഗ്രഹം ഉണ്ടെങ്കിൽ അത് വിഫലമാകും. അത്രയ്ക്ക് ഡബിൾ സ്ട്രോങ്ങ് ആണ് യാക്കോബായ ആൺ-പെൺ പുലികൾ. 1995-ലെ സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ മണർകാട് സെന്റ്മേരീസ് യാക്കോബായ ദേവാലയം പിടിച്ചെടുക്കുവാൻ കാതോലിക്കയുടെയും കോട്ടയം മെത്രാപ്പോലീത്തായുടെയും നേതൃത്വത്തിൽ വലിയ സന്നാഹങ്ങൾ ഉണ്ടാക്കി. അന്ന് ഈ ലേഖകൻ കോട്ടയം ഭദ്രാസന മെത്രാപ്പോലീത്തായുടെ ഏറ്റവും അടുത്ത ആൾ ആയിരുന്ന് ഇത് ശരിയല്ല; അബദ്ധത്തിൽ ചെന്നുപെടുകയാണ്. നാരാണത്ത് ഭ്രാന്തന്റെ പ്രവൃത്തിപോലെ ആയിത്തീരും. മുകളിൽ കൊണ്ടെത്തിച്ചിട്ടു താഴേക്കിടും. നാറും സഭ ഒന്നാകെ എന്ന് പല പ്രാവശ്യം മെത്രാച്ചനോട് ഞാൻ പറഞ്ഞിരുന്നു. അന്നുള്ള കാതോലിക്കാ ബാവായെയെയും നിരുത്സാഹപ്പെടുത്തി, പക്ഷേ ആര് കേൾക്കാൻ! പതിനായിരക്കണക്കിന് ഓർത്തഡോക്സുകാർ ദേവലോകത്തുനിന്നും മണർകാടുപള്ളി പിടിച്ചെടുക്കുവാൻ ആരവം കൂട്ടി താളമേളങ്ങളോടും ആർപ്പുവിളികളോടുംകൂടി യാത്ര തുടങ്ങി. സാഹചര്യങ്ങൾ വളരെമോശമാകുമെന്ന് ബോദ്ധ്യമായപ്പോൾ ഉളിപ്പുമാറ്റാൻ അധികാരികളുടെ മദ്ധ്യസ്ഥത സൃഷ്ടിച്ച് പിടിച്ചെടുക്കൽ നിർത്തിവച്ചു. ബലൂൺ പൊട്ടുന്നതുപോലെയായി ആ പിടിച്ചെടുക്കൽ. യാത്ര. വലിയ ആപത്തിൽനിന്നും അന്ന് രക്ഷപെടുത്തുവാൻ അധികാരികൾ ഉണ്ടായിരുന്നു. ഓർത്തഡോക്സ് സഭ ആകെ നാറി. പിടിച്ചെടുക്കലിന് എതിര് പറഞ്ഞുകൊണ്ടിരുന്ന എന്നെ വിരുദ്ധനായി ചിത്രീകരിച്ചു എന്നതാണ് അതിന്റെ വിജയം.

എന്നാൽ അന്നുണ്ടായിരുന്ന സുപ്രീംകോടതി വിധിയിൽ വ്യക്തത കുറവായിരുന്നു. ഇനിയും വല്ലതുമൊക്കെ നടക്കും. രണ്ടുവർഷത്തിനുള്ളിൽ മണർകാടുപള്ളി ഓർത്തഡോക്സ് കാതോലിക്കായുടെ കീഴിൽ കൊണ്ടു വരുമെന്നാണ് ഒരു മുതിർന്ന മെത്രാൻ അട്ടഹസിച്ചിരിക്കുന്നത്. മണർകാട്പള്ളിയുടെ വികാരിയായി ലൈജു മർക്കോസ് അച്ചനെ നിയോഗിച്ചതായി ഒരു കൽപന ഫേസ് ബുക്കിൽ കിടന്നു കറങ്ങുന്നതും കണ്ടു. ലൈജു മർക്കോസ് അച്ചൻ എന്റെ ശിഷ്യന്മാരിൽ ഒരാളായിരുന്നു. സമർത്ഥനും ആരാധനയിൽ തല്പരനും ആണ്. പക്ഷേ മണർകാട് പള്ളിയിൽ എന്തു ചെയ്യാൻ സാധിക്കും? കോട്ടയത്തുള്ള ഏറ്റവും തടിമിടുക്കനും പ്രതാപിയും 100 കിലോ ഭാരവുമുള്ള ഒരു വൈദീകനെ മണർകാടുപള്ളിയുടെ വികാരിയാക്കിയപ്പോൾ അദ്ദേഹത്തിന്റെ വിലാപം ഞാൻ കണ്ടതാണ്. അതിനുമുമ്പ് വികാരിയായി വെച്ച വൈദികൻ കോട്ടയം മെത്രാപ്പോലീത്തായോടു പറഞ്ഞത്, "എന്നെ കൊലയ്ക്ക് കൊടുക്കരുതേ" എന്നാണ്. ഉടൻ തന്നെ കൽപന മാറ്റിയെഴുതുകയും ചെയ്തു. ഇതെല്ലാം കണ്ടുനിന്ന ഒരു വ്യക്തിയെന്ന നിലയിൽ എഴുതിയെന്നു മാത്രം. പാവം അച്ചന്മാർ എന്തു വേണം? അവരുടെ പേരിൽ കൽപനയിറക്കിയാൽ അനുസരിക്കുവാൻ ബാദ്ധ്യത ഇല്ലേ? എന്നിരുന്നാലും സൂക്ഷിക്കണം. കാരണം ഇതൊന്നും ദൈവികമല്ല; ആത്മീകതയും ഒട്ടും തന്നെ ഇതിൽ ഇല്ല.

കർത്താവിനെ സ്നേഹിക്കുന്നവർ അന്യായത്തിനും പിടിച്ചെടുക്കുന്നതിനും തുനിയുകയില്ല. അവർ എവിടെ ആയിരുന്നാലും സത്യദൈവത്തെ ആരാധിക്കും. സമാധാനപരമായി ദൈവത്തെ ആരാധിക്കുവാനുള്ള മനസ്സാണ് ദൈവജനത്തിന് വേണ്ടത്. ഡമോക്രസിയും കോടതിവിധികൾ ഒന്നും ദൈവമുമ്പാകെ നിലനിൽക്കയില്ല. സഭയും ആരാധനയും കച്ചവട ചരക്കായി കാണുന്നവരുടെ തലയിൽ ദൈവം തീമഴ പെയ്യിക്കുവാൻ സമയമായി. കാലത്തിന്റെ ചുവരെഴുത്തുകൾ അതാണ് ചൂണ്ടിക്കാണിക്കുന്നത്! ഓർത്തഡോക്സ് സഭാ നേതൃത്വത്തിനു കൽപനങ്ങൾ എഴുതുവാൻ അല്പം ധൃതികൂടിപ്പോയി എന്നും പറയാതിരിക്കുവാൻ തരം ഇല്ല.

*മാത്യൂസ് മാർ ഗ്രിഗോറിയോസ്*

# ലോകാവസാനം തീർച്ചയായും ഉണ്ടാകും... അത് വാതിൽക്കൽ

ലോകാവസാനം തീർച്ചയായും ഉണ്ടാകുമെന്ന് ഞെട്ടിക്കുന്ന വെളിപ്പെടുത്തലുമായി ശാസ്ത്രജ്ഞൻ മസ്കിൻ. രക്ഷപെടണമെങ്കിൽ ചൊവ്വയിൽ വാസസ്ഥലം കണ്ടെത്തണമെന്നും അദ്ദേഹം പറഞ്ഞു. ലോകത്തെ ആദ്യത്തെ സ്വകാര്യ ബഹിരാകാശ ഏജൻസിയായ സ്പേസ് എക്സിന്റെ സി.ഇ.ഒ.യുടെ പുതിയ കണ്ടെത്തലാണിത്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ലോകം വൈകാതെ അവസാനിക്കുക തന്നെ ചെയ്യും. എന്നാൽ അതിനുമുമ്പ് നാം ചൊവ്വയിൽ കോളനി സ്ഥാപിക്കണം. ചൊവ്വ ഒരു പട്ടണം തന്നെയാക്കി രൂപപ്പെടുത്തണം. അങ്ങനെ ഭൂമിയിൽ ലോകാവസാനം വന്നാലും രക്ഷപെടാം. ലോകത്തെ ഏറ്റവും മികച്ച സാങ്കേതികവിദ്യകൾ കൈവശമുള്ള കമ്പനിയുടെ സ്ഥാപകൻ മനുഷ്യനു സാദ്ധ്യമാകുന്ന പദ്ധതികൾ ന്യൂ സ്പേസ് ജേണലിൽ വിശദമായി അവതരിപ്പിച്ചതാണീ കാര്യങ്ങൾ. അതേ സമയം ചന്ദ്രനിൽ ജീവിക്കുവാനും പട്ടണങ്ങൾ സ്ഥാപിക്കുവാനുമുള്ള ശ്രമങ്ങളിൽ യാതൊരു കാര്യമില്ലെന്നുമാണ് അദ്ദേഹത്തിന്റെ അഭിപ്രായം. ചന്ദ്രൻ ഭൂമിയുടെ ഉപഗ്രഹം മാത്രമാണെന്നും ഭൂമിയിൽ ഉണ്ടാകാവുന്ന ഏതൊരു ആഘാതത്തിൽനിന്നും ഒരുപക്ഷേ ചന്ദ്രനും രക്ഷപെടാൻ സാദ്ധ്യതയില്ലെന്നുമാണ് അദ്ദേഹം പറയുന്നത്. ചന്ദ്രനെക്കാൾ കൂടുതൽ ധാതുവിഭവങ്ങളും ചൊവ്വയിലുണ്ട്. അന്തരീക്ഷം പോലും ഇല്ലാത്ത ചന്ദ്രനിൽ എന്തുചെയ്യാനാണെന്നും അദ്ദേഹം ചോദിക്കുന്നു.

തന്റെ ജീവിതകാലത്തുതന്നെ ചൊവ്വയിൽ കോളനി സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ തുടങ്ങിവെയ്ക്കാനാകുമെന്ന് അദ്ദേഹം ഉറപ്പിച്ചുപറയുന്നു. ചൊവ്വയിലെ അന്തരീക്ഷം മനുഷ്യനു ചേരുന്നരീതിയിൽ പാകപ്പെടുത്തിയെടുക്കണം. തണുപ്പ് മനുഷ്യന് മാറ്റിയെടുക്കാനാകും. ഊഷ്മാവ് കൃത്രിമമമായി വർദ്ധിപ്പിക്കാം. കാർബൺഡയോക്സൈഡും നൈട്രജനുമൊക്കെയാവും കൂടുതലെങ്കിലും കംപ്രസ് ചെയ്ത് എല്ലാം മാറ്റിയെടുക്കാമെന്നും മസ്ക് പറയുന്നു. എന്നാൽ 10 ലക്ഷം ഡോളർ വേണ്ടിവരും ഒരാൾക്ക് ചൊവ്വയിൽ എത്താൻ. എന്നാൽ കൂടുതൽ ആളുകൾ ഒരേ സമയം പോകുന്നതോടെ ചെലവ് കുറയ്ക്കാം. 115 ദിവസം വേണ്ടിവരും ചൊവ്വയിൽ എത്താൻ. 10 ലക്ഷം പേരെങ്കിലും വേണം ഒരു പട്ടണം രൂപപ്പെടുത്തിയെടുക്കണമെങ്കിൽ. അതിന് ഒരു 100 വർഷമെങ്കിലും വേണ്ടിവന്നേക്കാം. എങ്കിലും ചെറിയ രീതിയിൽ തുടങ്ങിവെയ്ക്കാൻ സാധിക്കും.

നടക്കില്ല എന്ന് പൊതുവെ കരുതപ്പെടുന്ന കാരണങ്ങൾ ചെയ്തുകാണിച്ച് മികവ് തെളിയിച്ചിട്ടുള്ള വ്യക്തിയാണ് മസ്ക്. അതുകൊണ്ടുതന്നെ അദ്ദേഹം പറയുന്ന കാര്യങ്ങളും ഒരുപരിധിവരെ വിശ്വാസയോഗ്യമാണ്. മനുഷ്യകുലം 100 വർഷത്തിനുള്ളിൽ അപ്രത്യക്ഷമാകുമെന്ന് വീൽചെയറിൽ ഇരുന്നുകൊണ്ട് സ്റ്റീഫൻ ഹോക്കിംങ് മുൻപ് പറഞ്ഞിരുന്നു. ലോകാവസാനം സംഭവിക്കും. 22,23 നൂറ്റാണ്ടുകൾ അതിജീവിക്കാൻ സാധിച്ചാലും ലോകാവസാനം വന്നെത്തുക തന്നെ ചെയ്യുമെന്ന് ഹോക്കിംങ് പ്രവചിക്കുന്നു. തമോഗർത്തങ്ങളെക്കുറിച്ചുള്ള പ്രഭാഷണങ്ങളിലാണ് തന്റെ നിഗമനങ്ങൾ സ്റ്റീഫൻ ഹോക്കിംങ് പങ്കുവെച്ചത്.

ഇന്നോളം ലോകചരിത്രത്തിൽ ഉണ്ടാകാത്ത അപകടകരമായ സംഗതികളാണ് വരും നൂറ്റാണ്ടിൽ സംഭവിക്കാനിരിക്കുന്നത്. സാങ്കേതികവിദ്യയുടെ വളർച്ച അന്ത്യവിധി നാൾ ഒരുക്കും. അണു ആയുധങ്ങളും കൃത്രിമമായി സൃഷ്ടിക്കുന്ന വൈറസുകളും വലിയ ഭീഷണിയാകുന്നു. ശാസ്ത്രപുരോഗതി ഒരിക്കലും നിലയ്ക്കില്ല. പിന്നോട്ട് പോകുകയും ഇല്ല. വരുന്ന 100 വർഷത്തേക്ക് എന്തായാലും മനുഷ്യൻ അത്യാഗ്രഹങ്ങളിൽ സ്വയം സ്ഥാപിത കോളനികൾ ഉണ്ടാക്കില്ല. ഇക്കാലയളവ് വളരെ പ്രധാനപ്പെട്ടതാണ്. ഈ സമയം മനുഷ്യവംശം വളരെ ശ്രദ്ധിക്കേണ്ടതുണ്ടെന്നും അദ്ദേഹം പറയുന്നു. അത്യഗ്രഹജീവികൾ ഭൂമിയിലേക്ക് വന്നാൽ അവയ്ക്കു മുന്നിൽ കീഴടങ്ങുകയല്ലാതെ മനുഷ്യനുമുന്നിൽ വേറൊരു വഴിയുമുണ്ടാകില്ലെന്ന സ്റ്റീഫൻ ഹോക്കിംങിന്റെ നിഗമനം ശാസ്ത്രലോകത്ത് നേരത്തെ ചർച്ച ആയിരുന്നു. കൃത്രിമബുദ്ധിയുടെ (ആർട്ടിഫിഷൻ ഇന്റലിജന്റ്സ്) വരവോടെ മനുഷ്യൻ അവന്റെ തന്നെ കുഴി തോണ്ടുമെന്ന് വളരെ നേരത്തെ തന്നെ ഹോക്കിംങ് പ്രവചിച്ചിരുന്നു. കൃത്രിമബുദ്ധി ഉപയോഗിച്ച് കമ്പ്യൂട്ടറുകൾ ചിന്തിക്കാൻ തുടങ്ങുന്നതോടെ അടുത്ത 100 വർഷത്തിനകം അവ മനുഷ്യവർഗ്ഗത്തെ കീഴടക്കും. ആർട്ടിഫിഷ്യൽ ഇന്റലിജന്റ്സ് സംബന്ധിച്ച ഗവേഷണം കൊടുമ്പിരി കൊണ്ടിരിക്കുന്ന ഈ അവസരത്തിൽ മനുഷ്യൻ ഒരു കാര്യം ശ്രദ്ധിച്ചാൽ നല്ലത് - കമ്പ്യൂട്ടറുകളുടെയും മനുഷ്യന്റെയും ചിന്തയുടെ പോക്ക് ലോകനന്മയ്ക്കുവേണ്ടിയുള്ള കാര്യങ്ങളിലായിരിക്കണം.

എന്നാൽ, മനുഷ്യൻ ക്രൂരന്മാരും ഭോഗപ്രിയരും കൊലപാതകികളും ദ്രവ്യാഗ്രഹികളുമായി മാറിയിരിക്കുന്നു. ഇത് ലോകാവസാനത്തിന്റെ സാദ്ധ്യത വ്യക്തമാക്കുന്നു. അത് ആസന്നമായിരിക്കുകയുമാണ്. ഇത് ദൈവവചനമാണ്. എവിടെ ഓടി ഒളിക്കാൻ ശ്രമിച്ചാലും നിന്നെ താഴെയിറക്കുമെന്നും ദൈവം അരുളിച്ചെയ്യുന്നു. "നീ കഴുകനെപ്പോലെ ഉയർന്നാലും നക്ഷത്രങ്ങളുടെ ഇടയിൽ കൂടുവെച്ചാലും അവിടെനിന്ന് ഞാൻ നിന്നെ ഇറക്കും" (ഒബേദ്യാവ്4). ഇത് യഹോവയുടെ അരുളപ്പാടാണ്. ചൊവ്വയിലേക്ക് കുടിയേറി പട്ടണം പണിഞ്ഞാലും ദൈവം അവിടെനിന്നും താഴെക്കൊണ്ടുവരും. അതിനാൽ കർത്താവിന്റെ വരവിനു വേണ്ടി കാത്തിരിക്കുക, പ്രത്യാശയോടെ.

## പേരയില ചായ കുടിക്കൂ...ആരോഗ്യം സംരക്ഷിക്കൂ...

പേരയ്ക്ക പാവപ്പെട്ടവരുടെ ആപ്പിൾ ആണ്. ആപ്പിൾപോലെ അതിനു ഗുണവും ഉണ്ട്. എന്നാൽ അതിന്റെ ഇല വളരെ ഗുണം ചെയ്യുന്ന ഔഷധമാണ്. പേരയില ഇട്ട് വെള്ളം തിളപ്പിച്ചു കുടിച്ചാൽ ശരീരത്തെ ശുദ്ധീകരിക്കുക മാത്രമല്ല ബി.പി., ഷുഗർ തുടങ്ങിയ രോഗങ്ങൾക്ക് ഒരു പ്രതിവിധി കൂടിയാണ്. ദിവസവും രണ്ടു മൂന്ന് ഗ്ലാസ് പേരയില ചായ കുടിച്ചാൽ വളരെയധികം ഗുണം ചെയ്യും. ഗ്രീൻ ടീ ചായയേക്കാൾ എത്രയോ മടങ്ങ് ഗുണമുള്ളതാണ് ശുദ്ധമായ പേരയില ചായ.

ചായയ്ക്ക് ആവശ്യത്തിന് വെള്ളമെടുത്ത് തിളപ്പിക്കുക. ആ തിളച്ച വെള്ളത്തിൽ രണ്ടു മൂന്നു പേരയുടെ തളിര് ഇല ഇടുക. ആവശ്യത്തിന് ചായപ്പൊടിയും മധുരം വേണ്ടവർക്ക് പഞ്ചസാരയും ചേർത്ത് കുടിക്കുക. പല രോഗങ്ങൾക്ക് ഒരു പ്രതിവിധിയും രോഗപ്രതിരോധ ശക്തി വർദ്ധിപ്പിക്കുന്നതിനും പേരയില ചായ ഗുണം ചെയ്യും. പേരയില ഉണക്കി പൊടിച്ച് പൊടിയായി സൂക്ഷിച്ചുവെച്ചും ചായ ഉണ്ടാക്കാം. പറമ്പിൽ നിൽക്കുന്ന പേരയിലക്ക് അത്ര മാത്രം ഗുണം ഉണ്ടെന്ന് അറിഞ്ഞ് വലിയ വിലയുള്ള ഇംഗ്ലീഷ്, ആയുർവേദ മരുന്നുകളിൽ നിന്നും മുക്തിനേടുക.

# ബലഹീനതയിൽ ദൈവസഹായം

– ദാനിയേൽ പന്തളം

**ബ**ലഹീനതയിൽ ശക്തമായ ഒരു പിന്തുണ നമുക്ക് ആവശ്യമാണ്. ഈ പിന്തുണ ഉണ്ടെന്ന് പലപ്പോഴും നാം അറിഞ്ഞെന്നു വരില്ല.

1. **"യഹോവ അല്പബുദ്ധികളെ പാലിക്കുന്നു" സങ്കീ: 116:6.** ബുദ്ധി കുറഞ്ഞവർക്ക് പല കാര്യങ്ങളും ശരിയായി ചെയ്യാൻ സാധിക്കില്ല. പക്ഷേ അവരെയും ദൈവം സഹായിക്കുന്നുണ്ട്. അവർക്ക് ആവശ്യമായ ദിവ്യനടത്തിപ്പ് ആവശ്യമുള്ളപ്പോൾ ലഭിക്കും.

2. **പ്രകൃതിക്ഷോഭത്തിൽ നിന്നും യഹോവ നമ്മെ രക്ഷിക്കുന്നു. മർക്കോ: 4:38.** പടകിൽ ഉറങ്ങുകയായിരുന്നു യേശു. കാറ്റും കടലും ക്ഷോഭിച്ചു. ശിഷ്യന്മാർ ഭയന്നു. ക്രിസ്തു നമ്മുടെ പ്രശ്നം അറിയുന്നില്ലേ എന്ന് അവർ അമ്പരന്നു. ക്രിസ്തു കാറ്റിനെയും കടലിനെയും ശാന്തമാക്കി. ശിഷ്യന്മാരെ വിശ്വാസമുള്ളവരാകുവാൻ പഠിപ്പിച്ചു.

3. **മർക്കോ: 5:25**. രക്തസ്രാവക്കാരിക്ക് വളരെ ചികിത്സകൾ ചെയ്തിട്ട് യാതൊരു സൗഖ്യവും കിട്ടിയില്ല. വിശ്വാസത്തോടെ അവൾ യേശുവിന്റെ വസ്ത്രത്തിന്റെ തൊങ്ങൽ തൊട്ടു. ഉടൻ സൗഖ്യമായി. "വിശ്വസിച്ച് തന്നെ സമീപിക്കുന്നവരെ അവൻ സൗഖ്യമാക്കുന്നു."

4. **പിശാചു ബാധിതൻ വളരെ കഷ്ടപ്പെട്ടു. മർക്കോ: 9:17 – 18**. ഊമനായ മകനെ സൗഖ്യമാക്കുവാൻ ശിഷ്യന്മാർക്കു സാധിക്കുന്നില്ല. ശിഷ്യന്മാരുടെ അവിശ്വാസത്തെ യേശു അപലപിച്ചു. "വിശ്വസിക്കുന്നവർക്ക് സകലവും സാദ്ധ്യം" എന്ന് യേശു പറഞ്ഞു. ദുരാത്മാവിനെ ശാസിച്ച് ഒഴിപ്പിച്ച് യുവാവിന് സൗഖ്യം കൊടുത്തു.

5. **യോഹ: 6:9**. യേശുവിന്റെ പ്രസംഗം കേട്ടിരുന്ന ജനം സമയം കടന്നുപോയതറിഞ്ഞില്ല. അവർക്ക് വിശപ്പുണ്ടെന്ന് അറിഞ്ഞ ശിഷ്യന്മാർ അവരെ പറഞ്ഞയയ്ക്കുവാൻ യേശുവിനോട് ആവശ്യപ്പെട്ടു. യേശുവിന് ഈ അവസ്ഥയിൽ അവരെ പറഞ്ഞയയ്ക്കുവാൻ മനസ്സായില്ല. അവിടെ ലഭിച്ച അഞ്ച് അപ്പവും രണ്ടുമീനും അനുഗ്രഹിച്ച് പുരുഷാരത്തിന് കൊടുത്ത് അവർക്ക് തൃപ്തിവരുത്തി അവരെ ബലപ്പെടുത്തി.

6. **പത്രോസ് തടവിലായപ്പോൾ. അ.പ്ര: 12:6.** ശിക്ഷിക്കുവാൻവേണ്ടി പത്രോസിനെ തടവിലാക്കി. ദൈവാത്മാവ് അവന്റെ ചങ്ങലകൾ അഴിച്ചു. തടവറയുടെ വാതിലുകൾ തുറന്ന്, അവനെ തനിക്കുവേണ്ടി പ്രാർത്ഥിച്ചുകൊണ്ടിരുന്ന സഹോദരന്മാരുടെ അടുത്ത് എത്തിക്കുന്നു. കാവൽക്കാർ ഇതൊന്നും അറിയുന്നുമില്ല. പത്രോസിന് ആവശ്യം എന്തായിരുന്നുവെന്ന് അറിഞ്ഞ ദൈവം അത്ഭുതകരമായി അവനെ വിടുവിച്ചു.

7. **അ.പ്ര: 27:20.** പൗലോസും കൂട്ടരും ഭയങ്കരമായ കടൽക്ഷോഭത്തിലകപ്പെട്ട് മരണഭയത്തിലായി. പൗലോസ് മറ്റുള്ളവരെ ധൈര്യപ്പെടുത്തി. ദൈവം ഇടപെട്ടു. അത്ഭുതകരമായി അവരെ രക്ഷിച്ചു. ആവശ്യമായ സമയത്ത് ദൈവം അത്ഭുതം പ്രവർത്തിച്ചു.

ഇവിടെയെല്ലാം നാം കാണുന്നത് വിശ്വാസികളായ തന്റെ ജനത്തിന്റെ സഹായമായി ദൈവം കൂടെയിരിക്കുന്നുഎന്നും ജനത്തിന് രക്ഷ കൊടുക്കുകയും ചെയ്യുന്നതുമാണ്

# ക്രിസ്തു ശിഷ്യന്മാരുടെ മരണം എപ്രകാരം നടന്നു

ബിനു ബേബി
ചൂരപ്ലാമൂട്ടിൽ, യു.എസ്.എ.

**ക്രി**സ്ത്യാനികളായ നാം ക്രിസ്തു ശിഷ്യന്മാർക്കുണ്ടായ പീഢനങ്ങളും മരണവും എപ്രകാരമായിരുന്നുവെന്ന് അറിഞ്ഞ്, അതിനനുസരിച്ച് ജീവിക്കേണ്ടേ? നസ്രാണികൾ എന്ന് അഭിമാനം കൊള്ളുന്ന നാം ഇവരുടെ ജീവിതവും പീഢയും അന്ത്യവും അറിഞ്ഞ്, അതുപോലെയാണ് നമ്മുടെ ജീവിതവുമെന്ന് ഉൾക്കൊള്ളണം. പീഢനങ്ങളും അസഹിഷ്ണുതയും വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ആദിമ ക്രിസ്ത്യാനികളുടെയും അപ്പോസ്തലന്മാരുടെയും ആദിമ സഭാപിതാക്കന്മാരുടെയും ജീവിതം പഠിക്കുന്നതിനും അവർ യേശുവിനുവേണ്ടി സഹിച്ച പീഢനങ്ങളും നിഷ്ഠൂര മരണവും അറിഞ്ഞ് ക്രിസ്തീയ ജീവിതം കർത്താവിന്റെ കുരിശ് വഹിക്കുന്നതാണെന്ന് ബോദ്ധ്യപ്പെടുത്തുവാൻ വേണ്ടിയാണ്.

**1. വിശുദ്ധ പത്രോസ് ശ്ലീഹാ**: നീറോ ചക്രവർത്തി ഇദ്ദേഹത്തെ തലകീഴായി ക്രൂശിച്ചു കൊന്നു (എ.ഡി. 67). തന്നെ ക്രൂശിക്കുവാൻ കൊണ്ടുപോയവരോട് ക്രിസ്തു മരിച്ചതിനു തുല്യമായി മരിക്കുവാൻ ഞാൻ യോഗ്യനല്ലെന്നും അതിനാൽ കർത്താവിന്റെ പാദം ചുംബിച്ച് മരിക്കുന്നതിനായി തലകീഴായി ക്രൂശിക്കണമെന്നും അഭ്യർത്ഥിച്ചതിനാൽ അപ്രകാരം ചെയ്തു എന്ന് സഭാചരിത്രം വ്യക്തമാക്കുന്നു.

**2. വി. അന്ത്രയോസ്**: എ.ഡി. 69-ൽ അന്ത്രയോസ് പടിഞ്ഞാറൻ ഗ്രീസിലുള്ള പട്രാസിലേക്ക് പോയി. അവിടുത്തെ റോമൻ പ്രൊ-കോൺസലായ ഈജറ്റസുമായി വിശ്വാസ സംവാദത്തിൽ ഏർപ്പെട്ടു. അവസാനം ക്രിസ്തു വിശ്വാസം ഉപേക്ഷിച്ചില്ലെങ്കിൽ പീഡിപ്പിച്ചുകൊല്ലുമെന്നും പറഞ്ഞു. പക്ഷേ അന്ത്രയോസ് വിശ്വാസം ഉപേക്ഷിക്കുവാൻ തയ്യാറല്ലായിരുന്നു. തുടർന്ന് ഈജറ്റസ് പൂർണ്ണ പീഢനത്തിനും ക്രൂശുമരണത്തിനും വിധിച്ചു. പീഢനത്തിനുശേഷം കൂടുതൽ സമയം കഷ്ടത അനുഭവിക്കുന്നതിനായി ആണികൾ അടിക്കാതെ കുരിശിൽ കെട്ടിയിടുകയാണുണ്ടായത്. കുരിശിൽ കിടന്ന് അന്ത്രയോസ് വഴിപോക്കരോടു പോലും ആ കഷ്ടതയിലും മരണത്തിലും സുവിശേഷം അറിയിച്ചു. 15-ാം നൂറ്റാണ്ടിലെ പ്രസിദ്ധ ചരിത്രകാരൻ ഡോർമൻ ന്യൂമാൻ ഇപ്രകാരമാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

**3. സെബദിയുടെ മകൻ വി. യാക്കോബ്**: ഇടിമക്കൾ എന്ന് വിശേഷിപ്പിച്ച സഹോദരങ്ങളിൽ ഒരാൾ (മർക്ക: 3:17). യാക്കോബവും സഹോദരൻ യോഹന്നാനും പത്രോസും ചേർന്ന മൂവർ സംഘമാണ് കർത്താവിനോട് എപ്പോഴും ഉണ്ടായിരുന്നത്. യായീറോസിന്റെ മകളെ ഉയിർപ്പിച്ചപ്പോഴും (മർക്ക: 5:37) കർത്താവിന്റെ മറുരൂപ സമയത്തും (മാർക്ക്: 9:2) ഗദ്സമന തോട്ടത്തിലും (മാർക്ക്:14:33) ഇവർ മൂവർ മാത്രമായിരുന്നു കർത്താവിന്റെ കൂടെ ഉണ്ടായിരുന്നത്. ഹേരോദ അഗ്രിപ്പാ രാജാവ് ഇദ്ദേഹത്തെ വാൾകൊണ്ട് വെട്ടിക്കൊന്നു (അ.പ്ര: 12:1 – 19). യാക്കോബിനെ പിടിച്ചുകൊല്ലുവാനുള്ള സ്ഥലത്ത് എത്തിയപ്പോൾ യാക്കോബിനെതിരെ ആക്ഷേപമുന്നയിച്ച മനുഷ്യൻ ദൈവഭക്തന്റെ പെരുമാറ്റം കണ്ട് ആകൃഷ്ടനായി അവിടെവെച്ചുതന്നെ യേശുവിനെ സ്വീകരിച്ചു. യാക്കോബിനൊപ്പം തന്നെയും വധിക്കണമെന്ന് ആവശ്യപ്പെട്ട് മരണത്തെ വരിച്ചു.

**4. അൽഫായുടെ മകനായ വി. യാക്കോബ്**: (മത്താ: 10:3; പ്രവൃത്തി: 1:13). ഇദ്ദേഹത്തെ 'ചെറിയ യാക്കോബ്'' (മർക്കോസ് 15:40) എന്ന് വിശേഷിപ്പിക്കുകയും അമ്മയുടെ പേര് മറിയ എന്നും കാണുന്നു. ഗ്രീക്ക് ഭാഷയിൽ ചെറിയ (the younger) എന്നതിന് homikros എന്നാണ്. ഇതിന്റെ അർത്ഥം ഇളയത് (the little) എന്നാണ്. സെബദിപുത്രനായ യാക്കോബിനേക്കാൾ ഇളയവൻ എന്ന അർത്ഥത്തിൽ വേർതിരിച്ചറിയുവാനാണ് ഇപ്രകാരം ഉപയോഗിച്ചിരിക്കുന്നത്.

കർത്താവിന്റെ സഹോദരനായ യാക്കോബ് എന്നറിയപ്പെടുന്ന ഇദ്ദേഹത്തിന്റെ മറ്റ് സഹോദരന്മാരായിരുന്നു ശീമോൻ യൂദാ, ജോസെ എന്നിവർ (മത്താ: 13:55). കർത്താവിന്റെ ഉയിർപ്പിനുശേഷം യേശു യാക്കോബിന് പ്രത്യക്ഷപ്പെട്ട് (1 കൊരി: 15:7) അദ്ദേഹത്തെ വിശ്വാസത്തിൽ ഉറപ്പിച്ച യരുശലേമിലെ മാതൃസഭയിലുള്ള യഹൂദ ക്രിസ്ത്യാനികളുടെ തലവനായി അവരോധിച്ചു (ഗലാ: 1:19; 2:9; പ്രവൃത്തി: 12:17). പാരമ്പര്യ പ്രകാരം ഇദ്ദേഹമാണ് യരുശലേമിന്റെ ഒന്നാമത്തെ ബിഷപ്പ്. കർത്താവു തന്നെയാണ് യാക്കോബിനെ നിയോഗിച്ചതും. യരുശലേമിൽവെച്ചു നടന്ന സഭയുടെ ഒന്നാമത്തെ സുന്നഹദോസിന്റെ അദ്ധ്യക്ഷനും ഇദ്ദേഹം തന്നെയായിരുന്നു. യരുശലേം സഭയുടെ പരമാദ്ധ്യക്ഷനായി അദ്ദേഹം തുടർന്നു. കുർബ്ബാന തക്സാ എഴുതി ഉണ്ടാക്കി ആദ്യ വിശുദ്ധ ബലി അർപ്പിച്ചതും വി. യാക്കോബാണ്. പൗലോസ് ശ്ലീഹാ അവസാനമായി യരുശലേം സന്ദർശിച്ചതിന് (പ്രവൃത്തികൾ: 21:18 മുതൽ) കുറെ വർഷങ്ങൾക്കുശേഷം അന്നുണ്ടായിരുന്ന മഹാപുരോഹിതനായ അനന്യാസിന്റെ പ്രേരണമൂലം 94-ാം വയസ്സിൽ ഇദ്ദേഹത്തെ അടിച്ചും കല്ലുകൊണ്ട് എറിഞ്ഞും പീഢിപ്പിച്ചതിനുശേഷം മരത്തിന്റെ ശിഖരംകൊണ്ട് തലയ്ക്കടിച്ചു കൊന്നു. ചരിത്രകാരനായ ഫോക്സാണ് ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നത്.

**5. വിശുദ്ധ യോഹന്നാൻ**: തിളച്ച എണ്ണയിൽ കൊല്ലാനായി ഇട്ടുവെങ്കിലും ഇദ്ദേഹം അത്ഭുതകരമായി രക്ഷപെട്ടു. പിന്നീട് പത്മോസ് എന്ന ദ്വീപിലേക്ക് നാടുകടത്തി. മുമ്പ് നാടുകടത്തിയ കുറ്റവാളികളുടെ എല്ലുകളും തലയോട്ടികളുംകൊണ്ടു നിറഞ്ഞ ദ്വീപിൽവെച്ച് അപ്പോസ്തലൻ പുതിയ നിയമത്തിലെ പ്രവചന ഗ്രന്ഥമായ വെളിപ്പാട് പുസ്തകം രചിച്ചു. സ്വതന്ത്രനാക്കിയ യോഹന്നാൻ പിന്നീട് തുർക്കിയിലേക്ക് മടങ്ങി. അവിടെ സഭകളുടെ നേതൃത്വം ഏറ്റെടുത്തു. അപ്പോസ്തലന്മാരിൽ സമാധാനത്തോടെ സ്വാഭാവിക മരണം വരിച്ച ഏകവ്യക്തി യോഹന്നാൻ മാത്രമാണ്.

**6. വി. തോമാശ്ലീഹാ**: ഇദ്ദേഹം ഗ്രീസിലും ഇൻഡ്യയിലും സഞ്ചരിച്ച് സുവിശേഷം പ്രസംഗിച്ചു. തെക്കെ ഇൻഡ്യയിലും പഞ്ചാബിലുമായി രണ്ടു പാരമ്പര്യങ്ങൾ തോമാശ്ലീഹായെ സംബന്ധിച്ചിട്ടുണ്ട്. സുവിശേഷ പ്രസംഗങ്ങൾ നിയമിത്തം പ്രാദേശിക നേതൃത്വത്തെ ഏകോപിപ്പിച്ച തോമാശ്ലീഹായെ കന്തംകൊണ്ട് കുത്തിക്കൊന്നു എന്നാണ് പാരമ്പര്യം.

**7. വി. മത്തായി ശ്ലീഹാ**: ക്രിസ്തു ശിഷ്യനായി മാറിയ ചുങ്കക്കാരൻ മത്തായി എത്യോപ്യയിൽ സുവിശേഷം അറിയിക്കവെ രാജാവിന്റെ അധാർമ്മികതയെ ചോദ്യം ചെയ്ക നിമിത്തം രാജാവായിരുന്ന ഹെർട്ടാക്കസിന്റെ വാൾക്കാരൻ പുറകിൽനിന്നും കുത്തിക്കൊന്നു എന്നാണ് ഐതിഹ്യം.

**8. വി. ബർത്തിലോമിയ**: വി. ബർത്തിലോമിയ ഇൻഡ്യയിലും മറ്റ് വിവിധ രാജ്യങ്ങളിലും സഞ്ചരിച്ച് സുവിശേഷം അറിയിച്ചു. അക്ഷമരായ വിഗ്രഹാരാധികൾ ബർത്തിലോമിയായെ വളരെ പീഢിപ്പിച്ചതിനുശേഷം ക്രൂശിച്ചു എന്നും, അതല്ല ജീവനോടെ തൊലിയുരിച്ച ശേഷം തലവെട്ടിക്കൊന്നു എന്നും വിശ്വസിക്കുന്നവരുണ്ട്.

**9. വി. തദായി (കർത്താവിന്റെ സഹോദരനായ യൂദ)**: എ.ഡി. 79-ൽ സുവാനിർ (Suanir) എന്ന പട്ടണത്തിൽവെച്ച് പീഢിപ്പിക്കുകയും അമ്പ് എയ്തുവീഴ്ത്തി ക്രൂശിക്കപ്പെട്ടു എന്നുമാണ് പാരമ്പര്യം.

**10. എരിവുകാരനായ ശീമോൻ**: ആഫ്രിക്കയുടെ പടിഞ്ഞാറൻ തീരമായ മൗറിറ്റാനിയ എന്ന പട്ടണത്തിൽ സുവിശേഷം പ്രസംഗിച്ചശേഷം അദ്ദേഹം എ.ഡി. 66 മുതൽ യൂദാശ്ലീഹായുടെ പ്രവർത്തനത്തോടൊപ്പം ചേർന്ന പ്രവർത്തിച്ചു. ഇദ്ദേഹത്തെയും യൂദാശ്ലീഹായോടൊപ്പം ക്രൂശിച്ചു (എ.ഡി. 79).

**11. വി. ഫിലിപ്പോസ് ശ്ലീഹാ**: ഇദ്ദേഹം ഏഷ്യയിൽ മിഷനറി ആയിരുന്നു. ഈജിപ്ഷ്യൻ പട്ടണമായ ഹെലിയോപോലീസിൽവെച്ച് പിടിക്കപ്പെട്ട ഫിലിപ്പോസിനെ പീഢിപ്പിച്ച് ജയിലിലടയ്ക്കുകയും എ.ഡി. 54-ൽ തൂക്കിക്കൊല്ലുകയും ചെയ്തു.

**12. വി. മർക്കോസ്**: ഇദ്ദേഹം ഈജിപ്റ്റിന്റെ അപ്പോസ്തലനാണ്. അലക്സാണ്ട്രിയായിൽ കുതിരകളിൽ കെട്ടി തെരുവീഥികളിൽക്കൂടി മരണം വരെ വലിച്ചിഴച്ചു.

**13. വി. ലൂക്കോസ്**: വൈദ്യനും ചരിത്രകാരനും ചിത്രകാരനുമായ ലൂക്കോസിനെ ഗ്രീസിൽവെച്ച് ക്രിസ്തുവിനെ പ്രസംഗിച്ചതിന്റെ ശിക്ഷയായി തൂക്കിക്കൊന്നു.

ഇനിയും ധാരാളം രക്തസാക്ഷികളുടെ അന്ത്യം വിവരിക്കുവാനുണ്ട്. വിശുദ്ധ യോഹന്നാൻ ഒഴികെ എല്ലാ ശിഷ്യന്മാരുടെയും സുവിശേഷകന്മാരുടെയും മരണകാരണം രക്തസാക്ഷിത്വം ആയിരുന്നു എന്നുള്ളത് നമ്മുടെ കണ്ണുകളെ ഈറനണിയിക്കുന്നതാണ്. യോഹന്നാൻ പീഢനത്തെ അതിജീവിച്ചതിനാലാണ് സ്വാഭാവിക മരണത്തെ പുൽകിയത്.

# നിങ്ങൾക്ക് അറിയാമോ? മാദ്ധ്യമങ്ങൾ നിങ്ങളോടു പറയാത്തത് ???

**ഫെയർ ആന്റ് ലൗലി** എന്ന ക്രീമിൽ പന്നി നെയ്യ് ചേർത്തിട്ടുണ്ടെന്ന് ചെന്നെ ഹൈക്കോടതിയിൽ കമ്പനി സമ്മതിച്ചു.

**കിറ്റ്കാറ്റ്** എന്ന ചോക്ലേറ്റിൽ മാടിന്റെ ഇറച്ചിയിൽനിന്നും വേർതിരിക്കുന്ന പദാർത്ഥങ്ങൾ ഉണ്ട് എന്നത് നെസ്ലേ കമ്പനി അംഗീകരിച്ചിട്ടുണ്ട്.

**വിക്സ്** ഒരു സ്ലോ പോയിസൺ ആണെന്നും വിദേശരാജ്യങ്ങളിൽ അത് നിരോധിച്ചിട്ടുള്ളതുമാണ്.

**ലൈഫ്ബോയ് സോപ്പ്** ഒരു കാർബോളിക് സോപ്പാണെന്നും വിദേശരാജ്യങ്ങളിൽ മൃഗങ്ങളെ കുളിപ്പിക്കുവാൻ ഉപയോഗിക്കുന്നതുമാണ്.

**കൊക്കോ കോള, പെപ്സി** മുതലായ പാനീയങ്ങളിൽ 21 തരം വിഷങ്ങൾ അടങ്ങിയിരിക്കുന്നു എന്നതും ഇൻഡ്യൻ പാർലമെന്റ് കാന്റീനിൽ അത് നിരോധിച്ചിരിക്കുന്നഎന്നതും പലർക്കും അറിയില്ല.

**കോംപ്ലാൻ, ഹോർലിക്സ്** മുതലായ AIIMS ലബോർട്ടറിയിൽ പരിശോധിക്കുകയും അതിലെ പ്രധാന ചേരുവ കടലപിണ്ണാക്കാണെന്നും വ്യക്തമായതാണ്.

കേരളത്തിൽ നിരോധിച്ച നിറപറ മസാലകളിലും അളവിൽ കൂടുതൽ രാസവസ്തുക്കൾ ഉണ്ടെന്നും പുതിയ രൂപത്തിൽ അവ ഇപ്പോഴും ലഭിക്കുന്നുണ്ടെന്നും മനസ്സിലാക്കിയിട്ടുണ്ടോ?

### ലെയ്സിൽ പ്ലാസ്റ്റിക് അംശം അടങ്ങിയിട്ടുണ്ട്

**കിണ്ടർജോയ്** ചോക്കലേറ്റിൽ പ്ലാസ്റ്റിക് കോട്ടിംഗ് ഉള്ളതുകൊണ്ട് യൂറോപ്പ് രാജ്യങ്ങളിൽ അത് നിരോധിച്ചിട്ടുള്ളതാണ്.

ഇങ്ങനെയുള്ള ധാരാളം വിഷവസ്തുക്കളാണ് നാം അറിഞ്ഞും അറിയാതെയും കഴിച്ച് രോഗികൾ ആകുന്നത്. മാധ്യമങ്ങൾ ഇതൊന്നും പ്രസിദ്ധീകരിക്കുകയില്ല., കാരണം അവരെ പരസ്യത്തിലൂടെ തീറ്റിപോറ്റുന്നതും ഇങ്ങനെയുള്ള കുത്തക കമ്പനികളാണ്. പരസ്യങ്ങൾ ഉള്ള സാധനങ്ങൾ വാങ്ങാതിരിക്കുന്നതാണ് ഉത്തമം.

Published on 5th SEPTEMBER 2017

"REGISTERED"
RNI No. KERMAL / 2005 / 16477
REG No. KL / KTM /119/ 2017-2019



ആരോഗ്യം

# നാരങ്ങാത്തൊലി മാത്രം മതി കൊളസ്ട്രോൾ അകറ്റാം!

നാരങ്ങാത്തൊലി മാത്രം മതി കൊളസ്ട്രോളിന്റെ അംശംപോലും ശരീരത്തിൽനിന്നും ഇല്ലാതാക്കാൻ. നാരങ്ങാ ജ്യൂസ് എടുത്തതിനുശേഷം തൊലി കളയുകയാണ് പതിവ്. ചുരുക്കം പേർ മാത്രമാണ് നാരങ്ങായുടെ തൊലി അച്ചാർ ഇടുന്നത്. എന്നാൽ ചർമ്മകാന്തിക്കും മുടിയുടെ ആരോഗ്യത്തിനും നാരങ്ങായുടെ തൊലി വളരെ ഉത്തമമാണ്.

നാരങ്ങാത്തൊലിയിൽ ജ്യൂസിൽ അടങ്ങിയതിനേക്കാൾ കൂടുതൽ വിറ്റമിനുകൾ അടങ്ങിയിട്ടുണ്ട്. വിറ്റമിനുകളോടൊപ്പം മിനറലുകളുടെയും ഫൈബറുകളുടെയും കലവറയാണ് നാരങ്ങാത്തൊലി. കാൻസറിനെതിരെ ശക്തമായ ഒരു പ്രതിരോധം കൂടിയാണിത്. കാൻസർ കോശങ്ങളെ നശിപ്പിക്കാൻ ശേഷിയുള്ള സാൽവെസ്ട്രോൾ ക്യൂ 40, ലീമോണിൻ എന്നിവ നാരങ്ങാത്തൊലിയിൽ അടങ്ങിയിട്ടുണ്ട്. കാൻസർ രോഗങ്ങളെ തുരത്താൻ ചായയിൽ നാരങ്ങാത്തൊലി ചേർത്ത് കഴിക്കുന്നത് ഗുണം ചെയ്യും എന്ന് ചില പഠനങ്ങൾ പറയുന്നു.

കൂടിയ അളവിൽ വിറ്റമിൻ സിയും കാത്സ്യവും നാരങ്ങാത്തൊലിയിൽ അടങ്ങിയിരിക്കുന്നിനാൽ എല്ലുകളെ ബലപ്പെടുത്താനും ഇത് സഹായിക്കുന്നു. വായ്നാറ്റം, മോണപഴുപ്പ്, സ്കർവി തുടങ്ങിയ രോഗങ്ങൾ വിറ്റമിൻ സി യുടെ അഭാവംകൊണ്ട് ഉണ്ടാകുന്നതാണ്. വായ ശുചിത്വം, ദന്തപരിപാലനം, എന്നിവയ്ക്കും നാരങ്ങയിലെ സിട്രിക് ആസിഡും വിറ്റമിൻ സിയും ഫലപ്രദമാണ്. ശരീരഭാരം കുറയ്ക്കാൻ നാരങ്ങാത്തൊലിയിൽ അടങ്ങിയിട്ടുള്ള പെക്ടിൻ എന്ന ഘടകം സഹായിക്കും എന്ന കാര്യത്തിൽ സംശയം വേണ്ട.

നാരങ്ങാത്തൊലിയിലുള്ള പോളിഫെനോൾ ഫ്ളേവനോയിഡുകൾ കൊളസ്ട്രോൾ നിയന്ത്രിക്കുവാൻ ഫലപ്രദമാണെന്ന് ആരോഗ്യരംഗത്തെ വിദഗ്ദ്ധർ പറയുന്നു. അതുപോലെ രക്തസമ്മർദ്ദം കുറയ്ക്കാൻ ഉത്തമമാണ് നാരങ്ങാത്തൊലി. ഇതിലടങ്ങിയിരിക്കുന്ന പൊട്ടാസ്യമാണ് രക്തസമ്മർദ്ദം നിയന്ത്രിക്കുവാൻ സഹായിക്കുന്നത്. ഹൃദയാരോഗ്യം നിയന്ത്രിക്കുന്നതിലും നാരങ്ങാതൊലിക്ക് ഒരു പങ്കുവഹിക്കാനാകും. കൊളസ്ട്രാൾ നില പാകപ്പെടുത്തി ഹൃദയസംബന്ധമായ അസുഖങ്ങളെയും ഹൃദയാഘാതത്തെയും തടയാനും ഇതിനുകഴിയും.

നാരങ്ങാത്തൊലി ചർമ്മസംരക്ഷണത്തിലും പ്രധാന പങ്കുവഹിക്കുന്നുണ്ട്. തൊലിപ്പുറത്തുണ്ടാകുന്ന ചുളിവുകൾ, കറുത്തപാടുകൾ, മുഖക്കുരു, വർണവ്യതിയാനം എന്നിവയെ സുഖപ്പെടുത്താനും തടയാനും സാധിക്കും. രക്തധമനികളെ ബലപ്പെടുത്താനും ശരീരത്തിന്റെ പ്രതിരോധശേഷി ത്വരിതപ്പെടുത്തുവാനും നാരങ്ങാത്തൊലി ഉത്തമമാണ്.

നാരങ്ങാത്തൊലി എങ്ങനെ ഉപയോഗിക്കണമെന്ന് നോക്കാം. രണ്ടുമണിക്കൂർ നേരം നാരങ്ങാത്തൊലി ഫ്രീസറിൽ വച്ച് തണുപ്പിച്ചെടുക്കുക. അതിനുശേഷം അവ തേങ്ങാപ്പീരപോലെ ചീകിയെടുക്കുക. ആഹാരത്തിലും കുടിക്കുന്ന വെള്ളത്തിലും ഇങ്ങനെ ചീകിയെടുക്കുന്ന നാരങ്ങാത്തൊലി ചേർത്തു കഴിക്കുന്നത് ഗുണം ചെയ്യും.

# റഷ്യ എല്ലാവിധ മതാചാരങ്ങളെയും എത്രയും വേഗം ബാൻ ചെയ്യും. റഷ്യയ്ക്കുവേണ്ടി പ്രാർത്ഥിക്കുക

7000 പള്ളികൾ ഒന്നിച്ച് നോമ്പു പ്രാർത്ഥനയോടെ ഈ പീഢന നിയമത്തെ നേരിടുന്നു. ക്രിസ്തീയ പീഢനം ലോകം മുഴുവനും വ്യാപിക്കും. റഷ്യൻ സഭയെ സംബന്ധിച്ചിടത്തോളം ഇത് വലിയ ദുർഘട സമയമാണ്. യേശുവിനോടുള്ള ബന്ധം സ്ഥാപിക്കുവാൻ കഴിയുന്ന എല്ലാ പഴുതുകളും അടയ്ക്കുകയാണ് സ്റ്റേറ്റിന്റെ ലക്ഷ്യം. റഷ്യൻ പ്രസിഡന്റ് പുടിൻ ഒരു പുതിയ നിയമത്തിൽ ഒപ്പുവെച്ചു. അതിൻപ്രകാരം വിദേശി അതിഥികൾ റഷ്യൻ അധികാരികളിൽനിന്നുള്ളവർക്ക് പെർമിറ്റ് ഇല്ലാതെ പള്ളികളിൽ പ്രസംഗിക്കുവാൻ പാടില്ല. റഷ്യയ്ക്ക് വെളിയിൽനിന്നും വരുന്ന സുഹൃത്തോ ബന്ധുക്കളോ അവരുടെ വിശ്വാസം വീടിനുള്ളവരിലേക്ക് പകരുകയോ പറയുകയോ ചെയ്താൽ അവരിൽനിന്നും വലിയ പിഴ ഈടാക്കുകയും റഷ്യയിൽനിന്നും നാടുകടത്തുകയും ചെയ്യും. അവിശ്വാസികളോട് ദൈവിക കാര്യങ്ങൾ എന്തെങ്കിലും ചർച്ച ചെയ്താൽ അതിനെ മിഷനറി പ്രവർത്തനമായി പരിഗണിച്ച് ശിക്ഷ നൽകും. മിഷനറി പ്രവർത്തനങ്ങൾ ഗവൺമെന്റിന്റെ സ്പെഷ്യൽ പെർമിഷനോടുകൂടി മാത്രമേ നടത്തുവാൻ സാദ്ധ്യമാകുകയുള്ളൂ. ഉദാഹരണമായി ഒരാൾ ട്രെയിനിൽ യാത്ര ചെയ്യുകയാണെങ്കിൽ അവൻ വിശ്വാസം മറ്റൊരുവനോട് ഷെയർ ചെയ്യണമെങ്കിൽ ഗവൺമെന്റിന്റെ രേഖാമൂലമായ അനുവാദം വേണം. അനുവാദമില്ലാതെ ചെയ്താൽ യാത്രയുടെ അവസാനത്തിൽ അയാളെ പോലീസ് കസ്റ്റഡിയിൽ എടുക്കുകയും 50000 റൂബിൾസ് ഫൈൻ അടിക്കുകയും ചെയ്യും. 14 വയസ്സിനു താഴെയുള്ളവരാണ് ഓഫെൻഡേഴ്സ് എങ്കിൽ പ്രോസിക്യൂഷന് വിധേയപ്പെടുകയും ചെയ്യും. സഭാ കാര്യങ്ങൾ സ്വന്തം ഭവനങ്ങളിൽ നടത്തുവാൻ ഇനിയും ഒരിക്കലും അനുവദിക്കുകയില്ല. റഷ്യയിലെ മിക്ക സഭകളും ഭവനങ്ങളിലാണ് കൂടുന്നത്. അയൽപ്പക്കത്തു നടക്കുന്ന സഭാപ്രവർത്തനങ്ങൾ എന്തെങ്കിലുമുണ്ടെങ്കിൽ അത് അധികാരികളെ അറിയിക്കുവാനുള്ള ധാർമ്മിക ഉത്തരവാദിത്വം ഓരോ പൗരനും ഉണ്ട്. അത് ചെയ്തില്ലായെങ്കിൽ പറയപ്പെടേണ്ടവൻ നിയമത്താൽ ശിക്ഷിക്കപ്പെടും.

വീട്ടിലിരുന്ന് പ്രാർത്ഥിക്കുവാനും ബൈബിൾ വായിക്കുവാനും ഓരോരുത്തർക്കും അവകാശം ഉണ്ടെങ്കിലും അത് അവിശ്വാസികളുടെ മുമ്പിൽ വെച്ചാകരുത്. അങ്ങനെ അല്ലായെങ്കിൽ ശിക്ഷ ഉറപ്പാണ്. ഒരു സഭ കുറെ സ്ഥലം വാങ്ങിയാൽ ആ സ്ഥലം ആരാധനാലയമാക്കാൻ സാദ്ധ്യമല്ല. സഭാ കെട്ടിടത്തിനുള്ളിൽ മറ്റുള്ളവരെ ദൈവവിശ്വാസത്തിലേക്കു വരുവാൻ ആഹ്വാനം ചെയ്യുവാൻ പാടില്ല. ആരാധന സർവ്വീസുകൾ അംഗീകരിക്കുന്നുവെങ്കിലും യേശുവിനെ അനുഗമിക്കുവാൻ ഒരു അക്രൈസ്തവനെ പ്രേരിപ്പിക്കുന്നത് നിയമത്തിനെതിരാണ്. ഇപ്പോൾ മുതൽ ഏതു സമയത്തും സംഭവിക്കാം. Every thing hindering the rapture has been removed. ദൈവവചനം (സുവിശേഷം) മിക്ക ഏവരിലും എത്തിച്ചുകഴിഞ്ഞു. എല്ലാ പ്രവചനങ്ങളും നിറവേറിക്കഴിഞ്ഞിരിക്കുന്നു. മാലാഖമാരെ കാണുകയും അത് ക്യാമറായിൽ പകർത്തുകയും ചെയ്തിരിക്കുന്നു. പിശാച് വളരെ ശക്തിയോടെ പ്രവർത്തിച്ച് അവരെ ലോകസ്നേഹികളാക്കി അതിന്റെ മോഹത്തിനനുസരിച്ച് ജീവിക്കുന്നതിനാൽ അവന് ലോകത്തെ കാൽക്കീഴിലാക്കാൻ വളരെ നിസ്സാരമാണ്. ക്രിസ്ത്യാനികൾ അറിയാതെ സാത്താന്റെ വലയിൽ വീഴും. ഒരുങ്ങിയിരിക്കുക. ഇനിയും അധിക സമയം ഇല്ല. ആത്മാക്കൾ നശിക്കാതെ ശക്തിപ്പെട്ടു ശത്രുവായ സാത്താനോടു പോരാടി വിജയിക്കുവാൻ ജാഗ്രത കാട്ടുക.

# ബ്ലൂവെയ്ൽ നിരീക്ഷകൻ ആഹ്വാനം ചെയ്യുന്ന ചലഞ്ചസിന്റെ പൂർണ്ണരൂപം

1. 'f57' എന്ന് നിങ്ങളുടെ കൈയ്യിൽ ഒരു ബ്ലേഡ് ഉപയോഗിച്ച് എഴുതുക. അതിന്റെ ഫോട്ടോ എടുത്ത് മേൽനോട്ടക്കാരനായ നിർദ്ദേശകന് (Curator) അയച്ചുകൊടുക്കുക.
2. അതിരാവിലെ 4.20 ന് എഴുന്നേൽക്കുക. അതിനുശേഷം മേൽനോട്ടക്കാരൻ (Curator) അയച്ചുതന്നിട്ടുള്ള മാനസിക വിഭ്രാന്തി ജനിപ്പിക്കുന്നതും അമ്പരപ്പിക്കുന്നതും (Psychedelic) സംഭ്രമജനകം (Scary) ആയതുമായ വീഡിയോസ് കാണു ക.
3. ഒരു ബ്ലേഡ് ഉപയോഗിച്ച് കൈയ്യിലെ വെയ്ൻ ചേർത്തുമുറിക്കുക. അധികം ആഴത്തിൽ അരുത്. മൂന്നു മുറിക്കൽ മാത്രം.
4. ഒരു തിമിംഗലത്തിന്റെ പടം ഒരു പേപ്പറിൽ വരയ്ക്കുക. അത് നിരീക്ഷകനായ നിർദ്ദേശകന് അയച്ചുകൊടുക്കുക.
5. നിനക്ക് ഒരു തിമിംഗലം ആകണമെന്ന് ആഗ്രഹമുണ്ടെങ്കിൽ നിന്റെ തുടയിൽ ബ്ലേഡ് കൊണ്ട് 'Yes' എന്ന് എഴുതുക. കഴിയുന്നില്ലെങ്കിൽ നിന്നെ പലപ്രാവശ്യം മുറിച്ച് ശിക്ഷ സ്വയം സ്വീകരിക്കുക.
6. ഗൂഢമായതും രഹസ്യവുമായ ഒരു ഭാഷ ഉപയോഗിച്ച് കഠിനമായ ഒരു കൃത്യം ചെയ്യുക.
7. 'f40' എന്ന് കൈയ്യിൽ ബ്ലേഡ് കൊണ്ട് ആഴത്തിൽ എഴുതുക. അതിന്റെ ഫോട്ടോ നിരീക്ഷകന് അയച്ചുകൊടുക്കുക.
8. Type "# I am - Whale" V Kontakte നിലയിൽ ആയിരിക്കണം.
9. നീ നിന്റെ ഭയത്തെ അതിജീവിക്കുക; ദൂരെ എറിയുക.
10. അതിരാവിലെ 4.20 ന് എഴുന്നേൽക്കുക. വീടിന്റെ ഏറ്റവും ഉയർന്ന റൂഫ് ചെല്ലുക. എത്രയും ഉയർന്നാൽ അത്രയും നല്ലത്.
11. നിന്റെ കൈയ്യിൽ ഒരു തിമിംഗലത്തിന്റെ പടം മൂർച്ചയുള്ള ബ്ലേഡുകൊണ്ട് വരയ്ക്കുക. അത് നിരീക്ഷകന് (Curator) അയച്ചുകൊടുക്കുക.
12. മാനസിക വിഭ്രാന്തിയും ഭയപ്പെടുത്തുന്നതുമായ ഹൊറർ വീഡിയോകൾ ദിവസം മുഴുവനും കാണുക.
13. Curator അയച്ചുതരുന്ന പാട്ടുകൾ കേൾക്കുക.
14. ചിറി മുറിക്കുക.
15. ഒരു സൂചികൊണ്ട് നിന്റെ കൈയ്യിൽ ധാരാളം പ്രാവശ്യം കുത്തുക.
16. നിനക്ക് വേദന ഉണ്ടാക്കി ശരീരത്തെ ദണ്ഡിപ്പിച്ച് രോഗി ആകുക.
17. നീ കാണുന്ന ഏറ്റവും ഉയർന്ന റൂഫിന്റെ അഗ്രഭാഗത്ത് എത്തി അതിന്റെ അരികിൽ കുറെ അധികം സമയം നിൽക്കുക.
18. ഒരു പാലത്തിലേക്ക് പോയി അതിന്റെ അവസാനഭാഗത്ത് നിൽക്കുക.
19. ഒരു ക്രെയിനിൽ കയറുക, കുറഞ്ഞപക്ഷം അതിനു ശ്രമിക്കുകയെങ്കിലും ചെയ്യുക.
20. നിങ്ങൾ വിശ്വസ്തരെങ്കിൽ Curator നിങ്ങളെ താൽക്കാലികമായി നിർത്തിക്കും. ശരിയാണോ എന്ന് സൂക്ഷ്മമായി പരിശോധിക്കണം.
21. മറ്റൊരു തിമിംഗലവുമായി സംസാരിക്കുക (നിന്നെപ്പോലെയുള്ള മറ്റൊരു കളിക്കാരൻ - അത് Curator ആയിട്ടും ആകാം).
22. വീടിന്റെ ഏറ്റവും ഉയർന്ന റൂഫിൽചെന്ന് അതിന്റെ അഗ്രഭാഗത്ത് ഇരുന്ന് കാലുകൾ രണ്ടും തൂക്കിയിട്ട് ആട്ടിക്കൊണ്ടിരിക്കുക.
23. ഗൂഢഭാഷ ഉപയോഗിച്ച് വേറൊരു കഠിനകൃത്യം ചെയ്യുക.
24. വളരെ രഹസ്യമായി ഒരു കഠിന കൃത്യം ചെയ്യുക.
25. ഒരു തിമിംഗലത്തിനെ (വേറൊരു കളിക്കാരൻ) സന്ദർശിക്കുക.
26. നിന്റെ മരണദിവസം ഏതെന്ന് Curator പറയുന്നത് നീ അംഗീകരിക്കുക.
27. പ്രഭാതത്തിൽ 4.20 ന് എഴുന്നേറ്റ് റെയിൽവേ പാളത്തിൽ ചെല്ലുക. നിനക്ക് കഴിയുന്ന റെയിൽറോഡ് സന്ദർശിക്കുക. അതിലൂടെ നടക്കുക.
28. ആരോടും ഒന്നും ആ ദിവസം മിണ്ടാതിരിക്കുക.
29. ഞാൻ ഒരു തിമിംഗലം ആണെന്ന് പ്രതിജ്ഞ ചെയ്യുക.

30 മുതൽ 49 വരെയുള്ള പ്രവൃത്തികൾ ഇപ്രകാരമാണ്.

രാവിലെ 4.20 ന് ഉണരുക, മാനസിക വിഭ്രാന്തി ജനിപ്പിക്കുന്ന ഭീകര വീഡിയോസ് കാണുക, അവർ അയച്ചുതന്നിരിക്കുന്ന പാട്ടുകൾ കേൾക്കുക, ഓരോ ദിവസവും ഓരോ മുറിവ് ശരീരത്തിൽ ഉണ്ടാക്കുക, ഒരു തിമിംഗലത്തോട് സംസാരിക്കുക.

50. ഏറ്റവും ഉയർന്ന കെട്ടിടത്തിന്റെ മുകളിൽനിന്ന് താഴേക്ക് ചാടുക. അങ്ങനെ നിന്റെ ജീവൻ എടുക്കുക.

ഇപ്രകാരമുള്ള ഏതെങ്കിലും അടയാളങ്ങൾ നിങ്ങളുടെ കുട്ടികളിൽ കണ്ടാൽ ശ്രദ്ധിക്കുക. ആ കുട്ടി അപകടത്തിലാണ്. മറ്റുള്ളവരോടും ഇത് പറയുക. വളരെ ശ്രദ്ധയോടെ കണ്ടില്ലെങ്കിൽ കുഞ്ഞുങ്ങൾ നഷ്ടപ്പെടും.

## ഉപകാരസ്മരണ



**Niby Reju Kurian & Sherin Niby**
**Kandankulam House**
**Kuzhimattom, Kottayam**

*Printed, Published and owned by* Fr. Dr. C. G. Mathews, St. Jude Dayara, St. Jude Jn., Amayannoor. *Published from* St. Jude Dayara, Amayannoor P. O., Kottayam, *686019 and Printed at* Sonia Offset Printers. Ayarkunnam, Kottayam, *686564. Editor:-* Fr. Dr. C. G. Mathews